## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 894

11 .07.2016-ൽ
മറുപടി നൽകേണ്ടിയിരുന്നത്

# ' ആരാധാനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമി '

**ചോദ്യം**
ശ്രീ. പി. ടി. തോമസ്

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യുവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് വിവിധ ആരാധാനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമിയുടെ കണക്ക് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമിയുടെ കണക്ക് അനുബന്ധം-I-ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത ഭൂമിയ്ക്ക് കൃത്യമായി നികുതി അടയ്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത ഭൂമിക്ക് ഭൂനികുതി സ്വീകരിക്കുന്നില്ല. എന്നാൽ, കൊല്ലം ജില്ലയിലെ ആരാധനാലയങ്ങളുടെ കൈവശമുള്ള ഭൂമിയ്ക്ക് പാട്ടവ്യവസ്ഥ പ്രകാരം പാട്ടതുക ഈടാക്കി വരുന്നു. |
| (സി) കൃത്യമായ രേഖകളില്ലാതെ ആരാധാനാലയങ്ങൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) കൃത്യമായ രേഖകളില്ലാതെ ആരാധാനാലയങ്ങൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഇത്തരം കേസുകളിൽ ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. മലപ്പുറം ജില്ലയിൽ 13 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഒരു കേസ്സൊഴിപ്പിച്ചു. ഒരു കേസ് നിലവിൽ ഉണ്ട്. ഒരു കേസ് ഡബ്ല്യൂ. പി. (സി) 30898/08 നമ്പർ പ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പത്ത് കേസ് റെഗുലറൈസ് ചെയ്തു. കണ്ണൂർ ജില്ലയിൽ 18 കേസുകൾ അനധികൃതമായി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ 16 എണ്ണം സ്ഥാപനങ്ങൾക്ക് ലീസ് അനുവദിക്കുകയും ഒരെണ്ണം കെ. എൽ. സി ആക്ട് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. ഒരു കോടതി കേസ് നിലവിൽ ഉണ്ട്. |

| | |
|---|---|
| (ഡി) ഇത്തരം കൈവശഭൂമി നിയമവിധേയമാക്കി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഇ) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) & (ഇ)<br><br>ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-II-ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- I

| ജില്ല | കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി |
|---|---|
| 1. തിരുവനന്തപുരം | 10.0809 ഹെക്ടർ |
| 2. കൊല്ലം | 41.3055 ഹെക്ടർ |
| 3. പത്തനംതിട്ട | 12.0813 ഹെക്ടർ |
| 4. ആലപ്പുഴ | 01.4322 ഹെക്ടർ |
| 5. കോട്ടയം | 0.3053 ഹെക്ടർ |
| 6. ഇടുക്കി | 35.9217 ഹെക്ടർ |
| 7. എറണാകുളം | 9.0214 ഹെക്ടർ |
| 8. തൃശ്ശൂർ | 1.3137 ഹെക്ടർ |
| 9. പാലക്കാട് | 0.0020 ഹെക്ടർ |
| 10. മലപ്പുറം | 0.7325 ഹെക്ടർ |
| 11. കോഴിക്കോട് | 0.564 ഹെക്ടർ |
| 12. വയനാട് | 1.8537 ഹെക്ടർ |
| 13. കണ്ണൂർ | 1.5988 ഹെക്ടർ |
| 14. കാസർഗോഡ് | 26.79 ഹെക്ടർ |

സെക്ഷൻ ഓഫീസർ

അനുബന്ധം II

## I. കോഴിക്കോട് ജില്ല :

കോഴിക്കോട് ജില്ലയിൽ സർക്കാർ ഭൂമി കൈയ്യേറി ക്ഷേത്രങ്ങളും പള്ളികളും നിർമ്മിച്ചത് സംബന്ധിച്ച കേസുകളിൽ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാൻ സാധിക്കാത്തതിനാൽ 22.6.13-ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ പ്രസ്തുത ഭൂമി ലീസിന് നൽകാൻ തീരുമാനിച്ചിരുന്നു.

കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 1. കോഴിക്കോട് താലൂക്കിൽ വേങ്ങേരി വില്ലേജിൽ റീസർവ്വെ 18/1ബി-യിൽ പ്പെട്ടതും മാച്ചമാടത്ത് ക്ഷേത്രവും അതിനോട് ചേർന്ന സർപ്പക്കാവും സ്ഥിതി ചെയ്യുന്ന 53.25 സെന്റ് ഭൂമി. | പാട്ടപ്രൊപ്പോസൽ 26.12.14-ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി വ്യവസായിക പരിശീലന വകുപ്പിന്റെ കൈവശത്തി ലുള്ളതായതിനാൽ പാട്ടം അനുവദിക്കു ന്നതിന് പ്രസ്തുത വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കേണ്ടതിനുള്ള നടപടികൾ . സ്വീകരിച്ചിട്ടുണ്ട്. |
| 2. കോഴിക്കോട് താലൂക്കിൽ കുറ്റിക്കാട്ടൂർ വില്ലേജ് റീസർവ്വെ 26/4B- യിൽ മാണിയമ്പലത്ത് ജമാഅത്ത് പള്ളി കയ്യേറിയ 0.29 സെന്റ് പി.ഡബ്ല്യു.ഡി പുറമ്പോക്ക് ഭൂമി | പാട്ടത്തിന് ലഭിക്കുന്നതിന് പള്ളി കമ്മിറ്റിയുടെ ഭാരവാഹികൾ സമർപ്പിച്ച അപേക്ഷയിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| 3. താമരശ്ശേരി താലൂക്കിൽ ഉണ്ണിക്കുളം വില്ലേജിലെ പുനൂർ ദേശത്ത് റീസ. 1/1-ൽപ്പെട്ട 2 സെന്റ് പുഴപുറമ്പോക്ക് ഭൂമിയിലെ നമ്പർ നിസ്ക്കാരപള്ളി കെട്ടിടം | ലീസ് പ്രൊപ്പോസൽ താമരശ്ശേരി തഹസിൽദാർ റവന്യു ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 4. കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ വില്ലേജിൽ അൺ സർവ്വെ നമ്പർ 601-ൽപ്പെട്ട ചെങ്കോട്ടക്കൊല്ലി ശ്രീ.ദുർഗ്ഗ ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്ന 80 സെന്റ് ഭൂമി | പാട്ട പ്രൊപ്പോസൽ ക്ഷേത്രകമ്മിറ്റി സെക്രട്ടറിയുടെ പേരിൽ കൊയിലാണ്ടി തഹസിൽദാർ റവന്യു ഡിവിഷണൽ ആഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| 5. കൊയിലാണ്ടി താലൂക്കിൽ ചേമഞ്ചേരി വില്ലേജിൽ വെങ്ങള ദേശത്ത് റീസർവ്വെ 123/1 A-യിൽ പ്പെട്ട 4.5 സെന്റ് പുറമ്പോക്കിൽ സ്ഥിതിചെയ്യുന്ന വെങ്ങളം ഇസ്‌ളാഹുൾ ഇസ്ലാംപള്ളി | പള്ളി കമ്മിറ്റിയുടെ ഭാരവാഹികളോട് ടി സ്ഥലം പാട്ടത്തിന് ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി വില്ലേജ് ഓഫീസർ നോട്ടീസ് നൽകിയെങ്കിലും ആയത് കൈപ്പറ്റുന്നതിന് ഭാരവാഹികൾ തയ്യാറായിട്ടില്ല. കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി പള്ളി കമ്മിറ്റിയുടെ ഭാരവാഹികളോട് കാരണം ബോധിപ്പിക്കാൻ തഹസിൽദാർ അറിയിപ്പു നൽകിയിട്ടുണ്ട്. |
| 6. വടകര താലൂക്കിൽ മണിയൂർ വില്ലേജിൽ റീസർവ്വെ 18-ൽപ്പെട്ട PWD പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന 95 cm സമചതുരാകൃതി യിലുള്ള മുഴിക്കൽ ക്ഷേത്ര ഭണ്ഡാരം നിലക്കുന്ന സ്ഥലം | പാട്ടത്തിന് ലഭിക്കുന്നതിന് ക്ഷേത്ര ഭാരവാഹികൾ സമർപ്പിച്ച അപേക്ഷയിൽ വടകര താലൂക്കിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**II. <u>ആലപ്പുഴ ജില്ല :</u>**

| താലൂക്ക് | റിപ്പോർട്ട് ചെയ്തവ | റഗുലറൈസ് ചെയ്തവ | ഒഴിവാക്കിയത് |
|---|---|---|---|
| അമ്പലപ്പുഴ | 6 | 3 | 0 |
| ചേർത്തല | 4 | 0 | 1 |
| കുട്ടനാട് | 6 | 0 | 2 |
| മാവേലിക്കര | 2 | 0 | 0 |
| ചെങ്ങന്നൂർ | 2 | 0 | 0 |
| കാർത്തികപ്പള്ളി | 7 | 3 | 3 |
| **ആകെ** | **27** | **6** | **6** |

അമ്പലപ്പുഴ താലൂക്കിൽ 2 കേസുകൾ പാട്ടം നൽകുന്നതിനും, ഒരു കേസ് പതിച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേർത്തല താലൂക്കിൽ 2 കേസുകൾ റഗുലറൈസ് ചെയ്യുന്നതിനും, മറ്റുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടനാട് താലൂക്കിൽ 2 കേസുകൾ റഗുലറൈസ് ചെയ്യുന്നതിനും, രണ്ടു കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. മാവേലിക്കര താലൂക്കിൽ ഒരു കേസ് കോടതി പരിഗണനയിലും, ബാക്കിയുള്ളവ റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെങ്ങന്നൂർതാലൂക്കിൽ 2 കേസ്സുകൾ റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാർത്തികപ്പള്ളി താലൂക്കിൽ 1 കേസ് കോടതി പരിഗണനയിലാണ്.

**III. തിരുവനന്തപുരം :**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ കല്ലറ വില്ലേജിൽ തുമ്പോട് ശ്രീ.മഹാദേവ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സർവ്വെ നമ്പർ 1439-ൽ 1.49 ഏക്കർ സ്ഥലം ക്ഷേത്ര ട്രസ്റ്റിന്റെ പേരിൽ പതിച്ചു നൽകുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ തിരുവനന്തപുരം താലൂക്കിലെ 417.28 സെന്റ് ഭൂമി പതിച്ചു നൽകാൻ അപേക്ഷ ലഭിച്ചിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.

| ആരാധനാലയം | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| [illegible] ശ്രീ[illegible]ക്ഷേത്രം | മുട്ടത്തറ | 2617 | 82.5 സെന്റ് |
| ശ്രീ തമ്പുരാൻകാവ് ക്ഷേത്രം | പാങ്ങപ്പാറ | 271/9 | [illegible] സെന്റ് |
| ശ്രീ ധർമ്മശാസ്താ ക്ഷേത്രം | പാങ്ങപ്പാറ | 41/5 | 52.85 സെന്റ് |
| ശ്രീമഹാഗണപതി ക്ഷേത്രം | കടകംപള്ളി | 285/4 | 30 സെന്റ് |
| വിശ്വഹിന്ദു പരിഷത്ത് | തിരുമല | 102/7 | 123.5 സെന്റ് |
| ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രം | തിരുമല | 1291 | 92.367 സെന്റ് |
| | **ആകെ** | | **417.27 സെന്റ്** |

വയനാട് :

| വില്ലേജ് | സർവ്വേ നമ്പറും വിസ്തീർണ്ണവും | നിർമ്മാണ ത്തിന്റെ സ്വഭാവം | റിമാർക്സ് |
|---|---|---|---|
| സുൽത്താൻ ബത്തേരി | റീസർവ്വെ നം.623 0.0055 ഹെക്ടർ. | ശാദുലി ജുമാ മസ്ജിദ് | റോഡ് പുറമ്പോക്കിലാണ് നിർമ്മാണം സ്ഥിതി ചെയ്യുന്നത്. ലീസിന് അനുവദിക്കുന്നതിന് ദേശീയപാത അധികൃതരുടെ നിരാക്ഷേപ പത്രം ആവശ്യമാണ്. ആയത് ദേശീയപാത അധികൃതരിൽനിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടി തുടർന്നു വരുന്നു. |
| കുപ്പാടി | റീ.സ. നം.94/4 0.9940 ഹെക്ടർ | സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടേയും സെന്റ് മേരീസ് യാക്കോബ പള്ളിയുടേയും കുരിശ്ശടി | കുരിശ്ശടി നിൽകുന്ന 0.0338 ഹെക്ടർ പതിച്ചു കൊടുക്കുന്നതിനുള്ള പ്രൊപ്പോസൽ ന്യൂനത പരിഹരിച്ച് അപേക്ഷ സമർപ്പിക്കാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കുപ്പാടി | റീ.സ. നം. 167/7 0.0710 ഹെക്ടർ | അസ്സാസ്സുൾ ഇസ്ലാം സംഘംപള്ളി | പാട്ടത്തിന് നൽകുന്നതിനുള്ള ശുപാർശ സമർപ്പിക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| പുൽപ്പള്ളി | റീ.സ. നം. 775 0.0130 ഹെക്ടർ | ഇൻഫന്റ് ജീസസ്സ് പള്ളിയുടെകുരിശ്ശടി | ലീസ് പ്രൊപ്പോസൽ 22.7.13-ന് സമർപ്പിച്ചിട്ടുണ്ട്. |
| പുൽപ്പള്ളി | റീ.സ. നം. 775 0.0162 ഹെക്ടർ | കിരാതമൂർത്തി ക്ഷേത്രം | ലീസ് പ്രൊപ്പോസൽ 22.7.13-ന് സമർപ്പിച്ചിട്ടുണ്ട്. |
| കിടങ്ങനാട് | റീസർവ്വെ നം.145/4,145/5 0.6460 ഹെക്ടർ | സെന്റ്ജോസഫ് RC പള്ളി | പതിച്ചു കൊടുക്കുന്നതിനുള്ള ശുപാർശ 19.7.13-ന് സമർപ്പിച്ചിട്ടുണ്ട്. |
| കിടങ്ങനാട് | റീ.സ.നം.68/2 0.1580 ഹെക്ടർ | ശ്മശാനം | ന്യൂനത പരിഹരിച്ച് സമർപ്പിക്കുവാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

V. എറണാകുളം :

| താലൂക്ക് | കേസുകളുടെ എണ്ണം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| കുന്നത്തുനാട് | 3 | 99.40 ആർ | SLP(C) 8519/06 ഉത്തരവ് പ്രകാരം |
| പറവൂർ | 5 | 86.19 ആർ | SLP(C) 8519/2001 |
| കൊച്ചി | -- | 24.54 ആർ | ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു |
| കണയന്നൂർ | 3 | 113.31 ആർ | സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക് പതിച്ചു നൽകാം |
| ആലുവ | 9 | 554.00 ആർ | -- |
| ആകെ | 20 | 877.44 ആർ | |

VI. കാസർഗോഡ് :

ഭൂമിപതിച്ചു കിട്ടുന്നതിനും ലീസ്സിന് വേണ്ടിയും സമർപ്പിച്ച് അപേക്ഷകൾ പരിശോധിച്ചു വരുന്നു.

VII. ഇടുക്കി :

ഇടുക്കി ജില്ലയിൽ ഉദ്ദേശം 110.42.33 ഹെക്ടർ സർക്കാർ ഭൂമി വിവിധ ആരാധനാലയങ്ങളുടെ കൈവശത്തിലുള്ളതാണ്.

സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്ത് അയക്കേണ്ടതില്ലായെന്നും ഇത് സംബന്ധിച്ച് തുടർന്ന് വന്നിരുന്ന നടപടിക്രമങ്ങൾ നിർത്തിവക്കണമെന്നുള്ള 12/6/2006-ലെ 48925/എ1/06/റവ. നമ്പർ സർക്കുലർ നിലവിലുള്ളതിനാൽ ആരാധനാലയങ്ങളുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുക, നിയമവിധേയമായി പതിച്ച് നൽകുക എന്നീ വിഷയങ്ങളിൽ വിശദമായ പരിശോധന ആവശ്യമാണ്.

VIII. കോട്ടയം :

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ ബ്ലോക്ക് 6 സർവ്വെ 380/3-ൽ പ്പെട്ട 2.56 ആർ സർക്കാർ പുറമ്പോക്ക് കയ്യേറി : മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് വക കുരിശുപള്ളി സ്ഥാപിച്ചിട്ടുള്ളതാണ്. കാഞ്ഞിരപ്പള്ളി താലൂക്കിൽ കാഞ്ഞിരപള്ളി വില്ലേജിൽ ബ്ലോക്ക് 11-ൽ റീസർവ്വെ 41-ൽ പ്പെട്ട 07.90 ആർ റോഡ് പുറമ്പോക്ക് കാഞ്ഞിരപ്പള്ളി എസ്.എൻ.ഡി.പി ബ്രാഞ്ച്നമ്പർ 55-ന്റെ കൈവശത്തിലും കോരുത്തോട് വില്ലേജിൽ ബ്ലോക്ക് 30-ൽ സർവ്വെ നമ്പർ 113/1-ൽ പ്പെട്ട 20 ആർ വസ്തു മടുക്ക എസ്.എൻ.ഡി.പി ശാഖയുടെ കൈവശത്തിലും, ടി വില്ലേജിൽ ബ്ലോക്ക് 30-ൽ സർവ്വെ 112/3-ൽ പ്പെട്ട 0.03 ആർ വസ്തു മടുക്ക മുസ്ലീം ജമാഅത്തിന്റെ കൈവശത്തിലും, സർവ്വെ 108/9-ൽ പ്പെട്ട 0.04 ആർ വസ്തു മടുക്ക എസ്.എൻ.ഡി.പി ശാഖയുടെ കൈവശത്തിലും ഉള്ളതാണ് (ആകെ 30.53 ആർ സ്ഥലം). ഇതിൽ മീനച്ചിൽ താലൂക്കിലെ കേസിൽ എൽ.സി നടപടി സ്വീകരിച്ചു വരുന്നതും, കാഞ്ഞിരപ്പള്ളി താലൂക്കിലെ നാല് കേസുകളും പതിവ് നടപടിയിലുള്ളതുമാണ്.

IX. മലപ്പുറം :

മലപ്പുറം ജില്ലയിൽ അനധികൃതമായി സർക്കാർ ഭൂമി കൈവശം വെച്ചിരിക്കുന്ന ആരാധനാലയങ്ങൾ സംബന്ധിച്ച് 13 കേസുകൾ നിലവിലുണ്ടായിരുന്നതും ആയതിൽ 10 കേസ്സ് റഗുലറൈസ് ചെയ്തിട്ടുള്ളതും, ഒരു കേസ്സിൽ കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ തീർപ്പാക്കാത്ത 2 കേസ്സുകളിൽ ഒരെണ്ണത്തിൽ തിരൂർ സബ് കോടതി മുമ്പാകെ ഒ.എസ്.127/08 നമ്പർ കേസ്സ് ഇപ്പോഴും വിചാരണ തുടർന്നു കൊണ്ടിരിക്കുന്നതുമാണ്. രണ്ടാമത്തേതിൽ WP(C) 30898/08 കേസിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറിയോട് നടപടി സ്വീകരിക്കുവാൻ ബഹു: കേരള ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി 23.12.2015 തീയതിയിൽ GO(MS) 683/2015/RD നമ്പർ ഉത്തരവ് പ്രകാരം ഭൂമി പതിച്ചു നൽകുവാൻ ജില്ലാ കളക്ടറോട് നിർദ്ദേശം നൽകുകയും ആയതു പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരികയുമാണ്.

**X. തൃശ്ശൂർ :**

തൃശ്ശൂർ ജില്ലയിൽ 6 താലൂക്കുകളിൽ 23 കേസുകളിലായി 1.7388 ഹെക്ടർ ഭൂമി കൃത്യമായ രേഖകളില്ലാതെ ആരാധനാലയങ്ങൾ കൈവശം വെച്ചിട്ടുള്ളതും, ഇതിൽ 1.3148 ഹെക്ടർ ഭൂമി നിയമവിധേയമാക്കി കൊടുക്കുവാൻ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. തലപ്പിള്ളി താലൂക്കിലെ ബാക്കി 0.4240 ഹെക്ടർ ഭൂമി ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽകേസ് നിലനിൽക്കുന്നുണ്ട്.

**XI. പാലക്കാട് :**

പാലക്കാട് ജില്ലയിലെ മലമ്പുഴ- 1 വില്ലേജിൽ ബ്ലോക്ക്നം.26-ൽ റീസർവ്വെ 12/14-ൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ 0.0010 ഹെക്ടർ വസ്തുവിൽ ഹേമാംബിക ക്ഷേത്രം എഴുന്നള്ളത്ത് മന്ദവും, ബ്ലോക്ക് നം.26-ൽ റീസർവ്വെ നമ്പർ 14/3 pt-ൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ 0.0010 ഹെക്ടർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി കുരിശ് സ്ഥാപിച്ച സ്ഥലവും ബഹു: സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ 20.6.16-ന് മുമ്പ് മാറ്റി സ്ഥാപിക്കുകയും, ഒഴിഞ്ഞു പോകുകയോ ചെയ്യണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയതായും, എന്നാൽ 20.6.16-ന് ശേഷവും ഒഴിയാത്ത സാഹചര്യത്തിൽ [illegible] ദിവസം രാവിലെ 11.00 മണിക്ക് പാലക്കാട് റവന്യൂ ഡിവിഷണൽ ആഫീസർ, പാലക്കാട് തഹസിൽദാർ, കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, പോലീസ് എന്നീ വകുപ്പ് മേധാവി[illegible] വൻ സന്നാഹത്തോടെ [illegible] ഒഴിപ്പിക്കാൻ എത്തുകയും എന്നാൽ 40 വർഷങ്ങൾക്ക് മുമ്പ് മലമ്പുഴ ഉദ്യാനത്തിനടുത്തുള്ള ബസ് സ്റ്റാൻഡിന് സമീപത്തായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് സ്ഥാപിച്ചതാണ് ടി കുരിശെന്നും 2010-ൽ മലമ്പുഴ, ഉദ്യാനവും മറ്റും നവീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ടി കുരിശ് അവിടെ നിന്നും എടുത്തു മാറ്റി ഇറിഗേഷൻ വകുപ്പ് തന്നെ അനുവദിച്ച് തന്ന നിലവിലുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചതെന്നും, പള്ളി കമ്മിറ്റിക്കാർ അറിയിച്ചതായും കൂടാതെ അനുയോജ്യമായ മറ്റൊരു സ്ഥലം നൽകുകയാണെങ്കിൽ കുരിശ്പള്ളി മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ തയ്യാറാണെന്നും ജലസേചന വകുപ്പുമായി ആലോചിച്ച് അവരുടെ അധീനതയിലുള്ള മറ്റൊരു സ്ഥലം കണ്ടെത്തി കുരിശടി മാറ്റുവാനുള്ള

സംവിധാനം ചെയ്യണമെന്നും ആവശ്യപ്പെട്ടതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹേമാംബിക ക്ഷേത്രം എഴുന്നള്ളത്ത് മണ്ഡം ഒഴിപ്പിക്കുവാനായി എത്തിയപ്പോൾ, ഈ ക്ഷേത്രം 100 വർഷം കാലപ്പഴക്കം ചെന്നതാണെന്നും ടി ഒഴിപ്പിക്കൽ നടപടി നിർത്തിവെക്കുന്നതിനായി പാലക്കാട് മുൻസിഫ് കോടതിയിൽ OS 515/2016 (I.A.2204/15) നമ്പർ പ്രകാരം ഹർജി നൽകിയിട്ടുണ്ടെന്നും ക്ഷേത്ര ഭാരവാഹികൾ അറിയിച്ചതായും ക്ഷേത്രം ആചാരാനുഷ്ഠാങ്ങൾക്ക് വിധേയമായി മാത്രമേ മാറ്റി സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ എന്നും ആയിന് കാലതാമസം വരുമെന്നും ആയതിനാൽ റഗുലറൈസ് ചെയ്ത് തരണമെന്നും ക്ഷേത്ര ഭാരവാഹികൾ അറിയിച്ചതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ 2 കയ്യേറ്റങ്ങൾ ബലം പ്രയോഗിച്ച് ഒഴിപ്പിച്ചാൽ ആയത് ക്രമസമാധാന തകർച്ചക്കും, സാമുദായിക സംഘർഷത്തിനും ഇടയാക്കുമെന്നതിനാൽ ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലായെന്നും, ബഹു: സുപ്രീം കോടതിയുടെ 29.09.09-ലെ എസ്.സി.എ (സിവിൽ) 8519/06 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കൈയ്യേറ്റങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനോ, ഒഴിഞ്ഞ്പോകുന്നതിനോ അല്ലെങ്കിൽ റഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഇറിഗേഷൻ വകുപ്പിനോട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

## XII. പത്തനംതിട്ട :

ജില്ലയിലെ താലൂക്കുകളുടെ പരിധിയിൽ വരുന്ന വിവിധ ആരാധനാലയങ്ങൾ കൈവശം വെച്ചു വരുന്ന സർക്കാർ ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | ബ്ലോക്ക് | സർവ്വേ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ചെറുകോൽ | 4 | 131/10 | 49.60 ആർ | സർക്കാർ -കോട്ടപ്പാറ ക്ഷേത്രം സ്ഥലത്ത് ഉൾപ്പെട്ടു വരുന്നു |
| 2 | വടശ്ശേരിക്കര | 32 | 186/7<br>186/1 | 79.50 ആർ<br>7.00 ആർ | കുരുത്തകപാട്ട സ്ഥലം - തിരു.കത്തോലിക പള്ളി കൈവശം വച്ചു വരുന്നു |
| | | 32 | 37/1 | 43.40 ആർ | മണിയാർ ദേവിക്ഷേത്രം സ്ഥിതിചെയ്യുന്നു - സർക്കാർവക |
| | | 32 | 70/4 | 31.00 ആർ | പ്രയാർ മഹാവിഷ്ണു ക്ഷേത്രം സ്ഥിതി ചെയ്യുന്നു - സർക്കാർവക |
| | | 32 | 87/2 | 07.30 ആർ | ചെറുകാവ് ദേവിക്ഷേത്രം സ്ഥിതിചെയ്യുന്നു സർക്കാർവക |

| | | | | | |
|---|---|---|---|---|---|
| | പഴവങ്ങാടി | 9 | 477/10 | 23.07 ആർ | കത്തകപ്പാട്ട സ്ഥലം - കോട്ടയം മുട്ടമ്പലം ദേവലോകം അരമനയിൽ ബസേലിയസ് തിരുമേനി പേരിൽ മുക്കാലുമൺ സെന്റ് ജോർജ്ജ് പള്ളിവക |
| | റാന്നി | - | 448/2 | 16.59 ആർ | ഭാരതീയ വേലൻ സൊസൈറ്റി കീഴിൽ ആയിക്കൽ അവേശ്വരം ക്ഷേത്രം കൈവശം വച്ചു വരുന്നു. |
| | അയിരൂർ | 3 | 274/14 | 88.00 ആർ | അയിരൂർ പുതിയകാവ് ക്ഷേത്രം വക ദേവസ്വം ബോർഡിന്റെ കൈവശം |
| | പെരുനാട് | - | 934 | 37 സെന്റ് | കത്തകപ്പാട്ടം സ്ഥലം - കാവനാൽ ക്ഷേത്രം സ്ഥിതി ചെയ്യുന്നു |
| | | | 735 | 5 സെന്റ് | പാറ പുറമ്പോക്കിൽ കോട്ടുപാറ ശിവ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. |

**അത്തിക്കയം വില്ലേജ്**

അത്തിക്കയം . വില്ലേജ് റീസർവ്വേ കഴിയാത്ത വില്ലേജാണ്. ടി വില്ലേജിന്റെ പരിധിയിൽ കൊച്ചുകുളം, കടമുരുട്ടി, ചണ്ണ കട്ടമീൻചിറ ഇടങ്ങിയ പട്ടയമില്ലാത്ത പ്രദേശങ്ങളിലായി ഏകദേശം 1.2500 ഹെക്ടർ സ്ഥലം വിവിധ ആരാധനാലയങ്ങൾ കൈവശം വച്ചു വരുന്നു.

**കൊല്ലമുള വില്ലേജ്**

റീസർവ്വേ കഴിഞ്ഞിട്ടില്ലാത്ത വില്ലേജാണ്. കൊല്ലമുള വില്ലേജിൽ പുറമ്പോക്ക് ഭൂമി ആരാധനാലയങ്ങൾ കൈവശം വച്ച് വരുന്നില്ലാത്തതാണ്. എന്നാൽ കുറുമ്പൻ മൂഴി ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ 7 സെന്റ് സ്ഥലത്തിൽ കുറുമ്പൻ മൂഴി മുസ്ലീം പള്ളി സ്ഥിതി ചെയ്യുന്നു.

9

## കോന്നി താലൂക്ക്

| ക്രമ നം. | വില്ലേജ് | പേര് | റീ-സർവ്വേ നം. | ബ്ലോക്ക് നം. | വിസ്തീർണ്ണം | ഇനം | പട്ടയ അപേക്ഷ സംബന്ധിച്ച് |
|---|---|---|---|---|---|---|---|
| 1 | വി-കോട്ടയം | കാഞ്ഞിരപ്പാറ ക്ഷേത്രം | 153/1 | 31 | 04.05 ആർ | പുറമ്പോക്ക് | പട്ടയത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല |
| 2 | വി-കോട്ടയം | തലച്ചിറ ദേവിക്ഷേത്രം | 112/3 | 31 | 10.12 ആർ | പുറമ്പോക്ക് | പട്ടയത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ട് |
| [illegible] | വി-കോട്ടയം | ചാവരുകാവ് | 337/8 | 31 | 49.60 ആർ | തരിശ് | ഇല്ല |
| [illegible] | വി-കോട്ടയം | ചന്ദനത്തടിക്കൽ ശ്രീ. മഹാദേവർ ക്ഷേത്രം | 41 | 32 | 4.47 ആർ | തരിശ് | ഇല്ല |
| [illegible] | വി-കോട്ടയം | ഇടി ഉരുളിപ്പാറ | 157 | 31 | 10.12 ആർ | പുറമ്പോക്ക് പാറ | ഇല്ല |
| [illegible] | അരുവാപ്പുലം | ചെറുകംഭൻ ശ്രീരാമ ക്ഷേത്രം മുറ്റാകുഴി | 540/1/1 | | 40.47 ആർ | പാറ പുറമ്പോക്ക് | ഇല്ല |
| [illegible] | അരുവാപ്പുലം | കോട്ടപ്പാറ അമ്പലം മുതുപേഴുങ്കൽ | 540/1/1 | | 12.14 ആർ | പാറ പുറമ്പോക്ക് | ഇല്ല |
| [illegible] | അരുവാപ്പുലം | മുണ്ടൻകോട് ശിവദേവ ക്ഷേത്രം പുളിഞ്ചാണി | 540/1/1 | | 60.70 ആർ | പാറ പുറമ്പോക്ക് | ഇല്ല |
| [illegible] | അരുവാപ്പുലം | കല്ലേലി ഊരാളിക്കാവ് | | | | വനഭൂമി | ഇല്ല |
| 10 | അരുവാപ്പുലം | അള്ളുങ്കൽ ശിവക്ഷേത്രം | | | | വനഭൂമി | ഇല്ല |
| 11 | കൂടൽ | സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി | 246/2 | 32 | 0.8240 ആർ | പുറമ്പോക്ക് | ഉണ്ട് |
| 12 | കൂടൽ | പോത്തുപാറ ദേവീക്ഷേത്രം | 160/5 | 32 | 0.9508 ആർ | പുറമ്പോക്ക് | ഇല്ല |
| 13 | വള്ളിക്കോട് | ക്ഷേത്രം | 338/4 | 27 | 17.40 ആർ | പുറമ്പോക്ക് | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | തണ്ണിത്തോട് | മലങ്കര കത്തോലിക്ക പള്ളി | 229/3 244/2 | | 50.29 ആർ | പുറമ്പോക്ക് | പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 15 | തണ്ണിത്തോട് | ബഥേൽ മർത്തോമാ സഭ | 295 292 | | 74.01 ആർ | പുറമ്പോക്ക് | പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 16 | തണ്ണിത്തോട് | മലങ്കര കത്തോലിക്ക പള്ളി | 309/2.3 | | 40.02 ആർ | പുറമ്പോക്ക് | പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 17 | പ്രമാടം | കളപ്പാറ ക്ഷേത്രം | 143/2 | 29 | 02.02 ആർ | പുറമ്പോക്ക് | ഇല്ല |
| 18 | പ്രമാടം | ഇളകൊള്ളൂർ കോട്ടപ്പാറ | 344/3 | 29 | 02.00 ആർ | പുറമ്പോക്ക് | ഇല്ല |

**തിരുവല്ല താലൂക്ക്**

| ക്രമ നം | വില്ലേജ് | ബ്ലോക്ക് | സർവ്വേ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | തിരുവല്ല | 145 | 8 | 81 ച.മീ. | സത്യസായി ബാബ സമിതി പ്രാർത്ഥനാലയം |
| 2 | തിരുവല്ല | 188 | 1 | 20 ച.മീ. | സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി വക കരിശ്ശടി |

**അടൂർ താലൂക്ക്**

| ക്രമ നം | വില്ലേജ് | ബ്ലോക്ക് | സർവ്വേ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഏനാദിമംഗലം | 27 | 406/10 | 52.20 ആർ | ഉടയോൻമുറ്റം മലനട കുന്നുകര |
| 2 | കൊടുമൺ | 21 | 244/12 | 40.80 ആർ | കൊടുമൺ വൈകുണ്ഠപുരം ക്ഷേത്രം |
| 3 | കൊടുമൺ | 22 | 553/7 | 16.03 ആർ | ചൂരക്കുന്നിൽ വലിയ മലനട മഹാദേവ ക്ഷേത്രം |
| 4 | കൊടുമൺ | 22 | 552/4 | 24.75 ആർ | ചൂരക്കുന്നിൽ വലിയ മലനട മഹാദേവ ക്ഷേത്രം |
| 5 | കൊടുമൺ | 22 | 552/4 | 15.00 ആർ | ചൂരക്കുന്നിൽ വലിയ മലനട മഹാദേവ ക്ഷേത്രം വക കാവ് സ്ഥിതി ചെയ്യുന്നു |

11

**കോഴഞ്ചേരി താലൂക്ക്**

| ക്രമ നം | വില്ലേജ് | ബ്ലോക്ക് | സർവ്വേ | വിസ്തീർണ്ണം | റിമാർക്ക് |
|---|---|---|---|---|---|
| 1 | മല്ലപ്പുഴശ്ശേരി | 12 | 343 | 121 ആർ | പുന്നസ്സാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം |
| 2 | നാരങ്ങാനം | 15 | 111/1 | 01.36.20 ഹെക്ടർ | കോട്ടപ്പാറ അമ്പലം |
| 3 | കോഴഞ്ചേരി | 11 | 31/10, 17/18 | 01.13.05 ഹെക്ടർ | കമരല മഹാദേവർ നടക്കാവ് |
| 4 | കോഴഞ്ചേരി | 10 | 165/4 | 46.70 ആർ | കളക്കാട്ട് കാവു ക്ഷേത്രം |
| 5 | കോഴഞ്ചേരി | 10 | 306/14 | 18 ആർ | ഭഗവതിക്കുന്ന് ക്ഷേത്രംവക മൂലസ്ഥാനം |
| 6 | പത്തനംതിട്ട | | 251/1-എ | | ചുട്ടിപ്പാറ മഹാദേവർ ക്ഷേത്രം |

**മല്ലപ്പള്ളി താലൂക്ക്**

പുറമറ്റം വില്ലേജിൽ, ബ്ലോക്ക് 19-ൽ പഴയസർവ്വേ 619/1-ൽ റീസർവ്വേ 249/7-ൽപ്പെട്ട 07.40 ആർ സ്ഥലം റിക്കാർഡ് പ്രകാരം സർക്കാർ പുറമ്പോക്ക് ക്ഷേത്രം എന്ന് കാണുന്നു. ഈ സ്ഥലം വെണ്ണിക്കുളം എൻ.എസ്.എസ്. കരയോഗം വക കോമളദേവി ക്ഷേത്രം വക കൈവശത്തിലാണ്. ഈ സ്ഥലത്ത് 1991 മുതൽ കുത്തകപ്പാട്ടം അനുവദിച്ചിരുന്നു. ടി സ്ഥലം പാട്ടത്തിന് അനുവദിച്ച സമയത്ത് തന്നെ ചിരപുരാതന കോമളദേവി ക്ഷേത്രം സ്ഥിതി ചെയ്തിരുന്നു. 1991 മുതൽ 2009 വരെ 228/- രൂപ പാട്ടതുക ക്ഷേത്ര അധികാരികൾ അടവ് വരുത്തിയിരുന്നു. പിന്നീട് നടപ്പ് സാമ്പത്തിക വർഷം തുക അടച്ചിട്ടില്ലാത്തതും പാട്ടം പുതുക്കി നൽകിയിട്ടില്ലാത്തതുമാണെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു./

## XII. കൊല്ലം :

ജില്ലയിലെ വിവിധ ആരാധനാലയങ്ങൾ കൈവശംവെച്ചിരുന്ന ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### കുന്നത്തൂർ താലൂക്ക് :

| ക്രമ നം. | ആരാധനാലയത്തിന്റെ പേര് | വില്ലേജ് | സർവ്വേ നം. | വിസ്തീർണ്ണം |
|---|---|---|---|---|
| 1. | പറയൻ സമുദായം മാടൻകാവ് | മൈനാഗപ്പള്ളി | 54/16 | 2.85 |
| 2. | വെട്ടിക്കോട്ട് ക്ഷേത്രം | മൈനാഗപ്പള്ളി | 258/9 | 19.20 |
| 3. | ചെറുപിലാക്കൽ പള്ളി | മൈനാഗപ്പള്ളി | 248/1 | 11.80 |
| 4. | ആമച്ചിറ ക്ഷേത്രം | മൈനാഗപ്പള്ളി | 329/1 | 32.50 |
| 5. | ചിറ്റാണിക്കൽ ക്ഷേത്രം | മൈനാഗപ്പള്ളി | 356/1 | 41.10 |
| 6. | ഇളയപ്പൻ കുറ്റി ക്ഷേത്രം | മൈനാഗപ്പള്ളി | 431/12 | 32.80 |
| 7. | ഭരണിക്കാവ് ക്ഷേത്രം | മൈനാഗപ്പള്ളി | 518/11 | 26.40 |
| 8. | ഭരണിക്കാവ് ക്ഷേത്രം | മൈനാഗപ്പള്ളി | 520/6 | 43.00 |
| 9. | ആയിക്കമത്ത് ക്ഷേത്രം | മൈനാഗപ്പള്ളി | 544/19 | 00.35 |
| 10. | വേങ്ങ കരയോഗം പടിഞ്ഞാറ്ക്കാവ് | മൈനാഗപ്പള്ളി | 571/11 | 7.58 |
| 11. | മണ്ണൂർക്കാവ് ക്ഷേത്രം | മൈനാഗപ്പള്ളി | 354/2 | 11.40 |
| 12. | മണ്ണൂർക്കാവ് ക്ഷേത്രം | മൈനാഗപ്പള്ളി | 354/14 | 71.00 |

| | | | | |
|---|---|---|---|---|
| 13 | ചാലയിൽക്കാവ് ക്ഷേത്രം | മൈനാഗപ്പള്ളി | 372/4 | 3.40 |
| 14 | മാടൻനട ക്ഷേത്രം | മൈനാഗപ്പള്ളി | 455/13 | 16.80 |
| 15 | കാഞ്ഞിരത്തിൻമൂട് പള്ളി | ശൂരനാട് തെക്ക് | 345/14 | 1.20 |
| 16 | കാഞ്ഞിരത്തിൻമൂട് പള്ളി | ശൂരനാട് തെക്ക് | 345/14 | 1.20 |
| 17 | വേളിക്കാട്ട് കാവ് | ശൂരനാട് തെക്ക് | 294/3 | 6.90 |
| 18 | ചക്കുവള്ളി പടനിലം | പോരുവഴി | 93/1 | 248.96 |
| 19 | N.S.S. കരയോഗം | പോരുവഴി | 372/12 | 48.25 |
| 20 | ചാത്തായികുന്നം ക്ഷേത്രം | പോരുവഴി | 101/11 | 2.00 |
| 21 | ചാത്തായികുന്നം ക്ഷേത്രം | പോരുവഴി | 101/12 | 35.20 |
| 22 | ചാത്തായികുന്നം ക്ഷേത്രം | പോരുവഴി | 102/1 | 77.30 |
| 23 | ചെപ്പള്ളിക്കാവ് ക്ഷേത്രം | പോരുവഴി | 427/2 | 4.25 |
| 24 | ചെപ്പള്ളിക്കാവ് ക്ഷേത്രം | പോരുവഴി | 427/3 | 43.80 |
| 25 | കൊല്ലശ്ശേരി ക്ഷേത്രം | പോരുവഴി | 255/12 | 53.40 |
| 26 | തവണൂർക്കാവ് ഇണ്ടിളയപ്പൻ ക്ഷേത്രം | പോരുവഴി | 676/11 | 92.30 |
| 27 | ചാങ്ങയിൽക്കാവ് ക്ഷേത്രം | പോരുവഴി | 762/17 | 74.00 |
| 28 | ശാസ്താ ക്ഷേത്രം | പോരുവഴി | 671/5 | 83.70 |
| 29 | ശനിദേവ ക്ഷേത്രം | ശൂരനാട് വടക്ക് | 596/14 | 11.40 |
| 30 | പുതിയിടം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം (കൊണ്ടിയിൽ മുക്ക്) | ശൂരനാട് വടക്ക് | 281/11 | 23.00 |
| 31 | ശ്രീനാരായണ പുരം മഹാദേവ ക്ഷേത്രം | ശൂരനാട് വടക്ക് | 446/7 | 24.90 |
| 32 | എണ്ണശ്ശേരി മലനട (പടിഞ്ഞാറേക്കാവ്) | ശൂരനാട് വടക്ക് | 591/9 | 35.00 |
| 33 | പീടികയിൽ ശാസ്താ ക്ഷേത്രം | ശൂരനാട് വടക്ക് | 646/15 | 18.60 |
| 34 | പുതിയകാവ് ദേവി ക്ഷേത്രം | ശൂരനാട് വടക്ക് | 843/16 | 62.20 |
| 35 | ചക്കുവള്ളി പരബ്രഹ്മ ക്ഷേത്രം | ശൂരനാട് വടക്ക് | 909/7<br>941 | 185.60<br>5.90 |
| 36 | ശാസ്താംകോട്ട ധർമ്മ ശാസ്താ ക്ഷേത്രം (ഊട്ടുപുര) | ശാസ്താംകോട്ട | 37/2 | 12.14 |
| 37 | ഭരണിക്കാവ് ദേവി ക്ഷേത്രം | ശാസ്താംകോട്ട | 88/9 | 14.16 |
| 38 | തൃക്കണ്ണാപുരം ക്ഷേത്രം | കുന്നത്തൂർ | 149/13 | 18.20 |
| 39 | കല്ലുമൺ മലനട ക്ഷേത്രം | കുന്നത്തൂർ | 614/8 | 13.30 |
| 40 | കൊക്കംകാവ് | കുന്നത്തൂർ | 405/7 | 24.00 |
| 41 | ഗണപതിയാം മുകൾ | കുന്നത്തൂർ | 649/2<br>649/1 | 46.70<br>0.40 |

| | | | | |
|---|---|---|---|---|
| 42 | ഭരണിക്കാവ് ക്ഷേത്രം | കുന്നത്തൂർ | 5/10 | 63.60 |
| 43 | തൈക്കാവ് | പടിഞ്ഞാറേ കല്ലട | 14/5 | 1.40 |
| 44 | കണഞ്ഞാർ കുന്നം ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 33/11 | 29.80 |
| 45 | ചക്കുളത്ത് ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 149/14 | 38.40 |
| 46 | വിളന്തറ ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 248/1<br>248/4 | 21.20<br>92.00 |
| 47 | കാവ് | പടിഞ്ഞാറേ കല്ലട | 331/5 | 17.90 |
| 48 | ഉപരിക്കുന്നം ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 473/8 | 55.10 |
| 49 | കാവ് | പടിഞ്ഞാറേ കല്ലട | 489/4 | 13.00 |
| 50 | കൊട്ടുംതുരുത്തിൽ ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 217/8 | 29.60 |
| 51 | ആവണിപുരം ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 284/10 | 41.00 |
| 52 | അമ്പലത്തിങ്കൽ ക്ഷേത്രം | പടിഞ്ഞാറേ കല്ലട | 286/2 | 38.80 |
| 53 | കാവ് | പടിഞ്ഞാറേ കല്ലട | 544/1 | 2.50 |

<u>കൊട്ടാരക്കര താലൂക്ക്.</u>

| ക്രമ നം. | ആരാധനാലയത്തിന്റെ പേര് | വില്ലേജ് | സർവ്വെ നം. | വിസ്തീർണ്ണം. (ആർ) |
|---|---|---|---|---|
| 1 | മാടൻ കാവ് മഹാദേവ ക്ഷേത്രം | എഴുകോൺ | 783/2 | 05.00 |
| 2 | കോയിക്കൽ ക്ഷേത്രം | എഴുകോൺ | 223/14 | 38.20 |
| 3 | ചീരങ്കാവ് ദേവി ക്ഷേത്രം | എഴുകോൺ | 117/12 | 34.50 |
| 4 | ഉദകുന്നം ആയിരവല്ലി ഉമ്മന്നൂർ ക്ഷേത്രം | ഉമ്മന്നൂർ | 27/15 | 11.00 |
| 5 | ഉദകുന്നം ആയിരവല്ലി ഉമ്മന്നൂർ ക്ഷേത്രം | ഉമ്മന്നൂർ | 594/10 | 17.60 |
| 6 | ആനക്കോട്ടൂർ ഓയിക്കൽ കാവ് ക്ഷേത്രം | നെടുവത്തൂർ | 27/5<br>594/10 | 07.60<br>00.31 |
| 7 | ചിറക്കടവ് ക്ഷേത്രം | നെടുവത്തൂർ | 329/17 | 49.60 |
| 8 | ഇരട്ടക്കോട്ട്കാവ് ചാലൂർ ക്ഷേത്രം | നെടുവത്തൂർ | 306/1 | 06.10 |
| 9 | ആനക്കോട്ടൂർ ശ്രീമഹാദേവ ക്ഷേത്രം | നെടുവത്തൂർ | 99/2 | 26.50 |
| 10 | പുനരൂർ കുളങ്ങര ശ്രീ മഹാവിഷ്ണു ക്ഷേത്രം, മാവടി | കുളക്കട | 246/4<br>246/5 | 06.60<br>38.80 |

| | | | | |
|---|---|---|---|---|
| 11 | ശ്രീകൃഷ്ണസ്വാമി ക്ഷേത്രം | കുളക്കട | 119 | 2.02 |
| 12 | മഹാവിഷ്ണു ക്ഷേത്രം | കുളക്കട | 352/16 | 32.10 |
| 13 | യക്ഷിയമ്മക്കാവ് മഠത്തിനാപ്പുഴ | കുളക്കട | 123/7 | 10.80 |
| 14 | പുലിക്കോട് മഹാദേവ ക്ഷേത്രം | വാളകം | 273/12 | 36.40 |
| 15 | കാവ് | വാളകം | 239/6 | 4.10 |
| 16 | കാവ് | വാളകം | 460/11 | 6.70 |
| 17 | തളിക്കൽ ക്ഷേത്രം അന്തമൺ | കലയപുരം | 48/8 | 9.60 |
| 18 | പാട്ടമ്പലം കലയപുരം NSS കരയോഗം | കലയപുരം | 260/2 | 57.52 |
| 19 | ഇഞ്ചക്കാട് കിഴക്ക് മഠത്തിൽകാവ് | കലയപുരം | 77/6 | 44.00 |

<u>കൊല്ലം താലൂക്ക്.</u>

| ക്രമ നം. | ആരാധനാലയത്തിന്റെ പേര് | വില്ലേജ് | സർവ്വേ നം. | വിസ്തീർണ്ണം. |
|---|---|---|---|---|
| 1 | ക്ഷേത്രം | വടക്കേവിള | 642/1 | 10.88 ആർ |
| 2 | ക്ഷേത്രം | വടക്കേവിള | 642/2 | 16.60 ആർ |
| 3 | ക്ഷേത്രം SNDP. | വടക്കേവിള | 642/5 | 1.54.40 ഹെക്ടർ |
| 4 | ക്ഷേത്രം | വടക്കേവിള | 687/1 | 54.00 ആർ |
| 5 | ക്ഷേത്രം | വടക്കേവിള | 370 | 02.02 ആർ |
| 6 | ക്ഷേത്രം കാവ് | വടക്കേവിള | 298/4 | 20 ച.മി |
| 7 | ക്ഷേത്രം | വടക്കേവിള | 61/10 | 16.00 ആർ |
| 8 | ക്ഷേത്രം | വടക്കേവിള | 111/13 | 13.95 ആർ |
| 9 | SNDP | വടക്കേവിള | 79/18 | 3.90 ആർ |
| 10 | മുസ്ലീം പള്ളി വഞ്ചി | നെടുമ്പന | 196 | 004 ച.മീ. |
| 11 | മുസ്ലീം പള്ളി വഞ്ചി | മങ്ങാട് | 57/1 | 01.21 ആർ |
| 12 | ക്ഷേത്രം | മങ്ങാട് | 291/16 | 12.70 ആർ |
| 13 | മുസ്ലീം മസ്ജിദ് | മങ്ങാട് | 417/19, 18 | 50.90 ആർ |
| 14 | ക്ഷേത്രം കാവ് | പെരിനാട് | 401/20 | 0.21 ച.മീ. |
| 15 | ക്ഷേത്രം | പെരിനാട് | 549/14 | 5.87 ആർ |
| 16 | ക്ഷേത്രം | പെരിനാട് | 404/4 | 8.69 ആർ |
| 17 | ക്ഷേത്രം വഞ്ചി | പെരിനാട് | 402 | 084 ച.മീ. |
| 18 | ക്ഷേത്രം | പാരിപ്പള്ളി | 241/6 | 61.40 ആർ |
| 19 | ക്ഷേത്രം | പാരിപ്പള്ളി | 98/2 | 58.80 ആർ |
| 20 | ക്ഷേത്രം | പാരിപ്പള്ളി | 289 | 0.09 ച.മീ. |

| | | | | |
|---|---|---|---|---|
| 21 | ക്ഷേത്രം | ഇളമ്പള്ളൂർ | 561 | 01.82 ആർ |
| 22 | ക്ഷേത്രം | ഇളമ്പള്ളൂർ | 63 | 01.21 ആർ |
| 23 | ക്ഷേത്രം | മുണ്ടയ്ക്കൽ | 2 | 0.0040 ഹെക്ടർ |
| 24 | ക്ഷേത്രം | മുണ്ടയ്ക്കൽ | 1 | 0.00.16 ഹെക്ടർ |
| 25 | ക്ഷേത്രം | മുണ്ടയ്ക്കൽ | 5 | 00162 ഹെക്ടർ |
| 26 | ക്ഷേത്രം | മുണ്ടയ്ക്കൽ | 127/1 | 0.0020 ഹെക്ടർ |
| 27 | ക്ഷേത്രം | മുണ്ടയ്ക്കൽ | 447 | 0.00.10 ഹെക്ടർ |
| 28 | മസ്ജിദ് | മുണ്ടയ്ക്കൽ | 246/16 | 0.13.00 ഹെക്ടർ |
| 29 | ക്ഷേത്രം | കൊല്ലം വെസ്റ്റ് | 1 | 00.04 ച.മീ |
| 30 | ക്ഷേത്രം | കൊല്ലം വെസ്റ്റ് | 1 | 00.02 ആർ |
| 31 | ക്ഷേത്രം | കൊല്ലം വെസ്റ്റ് | 1 | 00.03 ആർ |
| 32 | പള്ളി | കൊല്ലം വെസ്റ്റ് | 1 | 0002 ആർ |
| 33 | ക്ഷേത്രം | കൊല്ലം വെസ്റ്റ് | 15 | 00.02 ആർ |
| 34 | ക്ഷേത്രം | കൊല്ലം വെസ്റ്റ് | 2 | 01.57 ആർ |
| 35 | ക്ഷേത്രം | ആദിച്ചനല്ലൂർ | 530/1 | 050 ച.മീ |
| 36 | ക്ഷേത്രം വഞ്ചി | ഇരവിപുരം | 539/6 | 040 ച.മീ |
| 37 | ക്ഷേത്രം വഞ്ചി | ഇരവിപുരം | 539/4 | 035 ച.മീ |
| 38 | ക്ഷേത്രം | ഇരവിപുരം | 533/1<br>533/1-1 | 28.34 ആർ |
| 39 | ക്ഷേത്രം | ഇരവിപുരം | 148/14<br>751/12 | 50.80 ആർ |
| 40 | ക്ഷേത്രം വഞ്ചി | പരവൂർ | 375 | 0.02 ച.മീ |
| 41 | ക്ഷേത്രം വഞ്ചി | പരവൂർ | 351 | 002 ച.മീ |
| 42 | ക്ഷേത്രം വഞ്ചി | പരവൂർ | 343 | 0.02 ച.മീ |
| 43 | പള്ളി | ശക്തികുളങ്ങര | 19/2 | 1.00 ആർ |
| 44 | ക്ഷേത്രം | മയ്യനാട് | 174/9 | 10.25 ആർ |
| 45 | ക്ഷേത്രം | മയ്യനാട് | 378/20 | 1.18.24 ഹെക്ടർ |
| 46 | ക്ഷേത്രം വഞ്ചി | തഴുത്തല | 33 | 0.0004 ച.മീ |
| 47 | മോസ്ക് കിണർ | തഴുത്തല | 265 | 0.0002 ച.മീ |
| 48 | പള്ളി വഞ്ചി | കിളികൊല്ലൂർ | 897 | 00005 ച.മീ |
| 49 | പള്ളി വഞ്ചി | കിളികൊല്ലൂർ | 513 | 0.0005 ച.മീ |
| 50 | ക്ഷേത്രം വഞ്ചി | കിളികൊല്ലൂർ | 939 | 0025 ച.മീ |
| 51 | ക്ഷേത്രം | പുതക്കുളം | 26/09 | 4800 ആർ |
| 52 | ക്ഷേത്രം | പുതക്കുളം | 3/25 | 31.65 ആർ |
| 53 | ക്ഷേത്രം വഞ്ചി | പുതക്കുളം | 199/9 | 2.95 ആർ |
| 54 | ക്ഷേത്രം | കൊല്ലം ഈസ്റ്റ് | 160/1 | 1.21 ആർ |
| 55 | മസ്ജിദ് | കൊല്ലം ഈസ്റ്റ് | 178/8 | 1.92 ആർ |
| 56 | ക്ഷേത്രം വഞ്ചി | പള്ളിമൺ | 343 | 0.04 ആർ |
| 57 | മുസ്ലീം പള്ളി വഞ്ചി | പള്ളിമൺ | 415 | 0.04 ആർ |
| | [illegible] വഞ്ചി | പള്ളിമൺ | 414 | 0.04 ആർ |

| | | | | |
|---|---|---|---|---|
| 59 | മുസ്ലീം പള്ളി വഞ്ചി | പള്ളിമൺ | 284 | 0.04 ആർ |
| 60 | കാവ് വഞ്ചി | പള്ളിമൺ | 427 | 0.01 ആർ |
| 61 | ക്ഷേത്രം വഞ്ചി | പള്ളിമൺ | 380 | 0.04 ആർ |
| 62 | ക്ഷേത്രം വഞ്ചി | ചിറക്കര | 477/11 | 8.80 ച.മീ |
| 63 | ക്ഷേത്രം വഞ്ചി | ചിറക്കര | 209 | 1.00 ച.മീ |
| 64 | ക്ഷേത്രം വഞ്ചി | ചിറക്കര | 352/15 | 2.25 ച.മീ |
| 65 | ക്ഷേത്രം വഞ്ചി | ചിറക്കര | 352/1 | 1.00 ച.മീ |
| 66 | ക്ഷേത്രം വഞ്ചി | ചിറക്കര | 77/18 | 2.25 ച.മീ |

## പുനലൂർ

| ക്രമ നം. | ആരാധനായലത്തിന്റെ പേര് | വില്ലേജ് | സർവ്വേ നം. | വിസ്തീർണ്ണം. |
|---|---|---|---|---|
| 1 | മാരിയമ്മൻ കോവിൽ | തെന്മല | ദേശീയപാത (1/4) | 80 ച.മീ |
| 2 | ശ്രീ മുത്തുമാരിയമ്മൻ കോവിൽ | തെന്മല | KIP സ്ഥലം (2/1) | 80 ച.മീ |
| 3 | ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രം | തെന്മല | 6/1 | 02.02 ആർ |
| 4 | മുഹമ്മദീൻ മസ്ജിദ് | തെന്മല | 3/1 | 06.07 ആർ |
| 5 | തെന്മല ഗണപതി അമ്പലം | തെന്മല | 872/1 | 80 ച.മീ |
| 6 | കുന്നത്തുമല ശിവക്ഷേത്രം | തെന്മല | 872/1 | 04.04 ആർ |
| 7 | ഉറുകുന്ന് മുസ്ലീം ജമാഅത്ത് | തെന്മല | 872/1 | 8.09 ആർ |
| 8 | കറുപ്പ സ്വാമി ക്ഷേത്രം | ആര്യങ്കാവ് | 349/1 | 10 സെന്റ് ഏകദേശം |
| 9 | ഗുരുമന്ദിരം കഴുതുരുട്ടി. | ആര്യങ്കാവ് | 349/1 | 03 സെന്റ് ഏകദേശം |
| 10 | സുബ്രഹ്മണ്യക്ഷേത്രം, ഇടപ്പാളയം | ആര്യങ്കാവ് | 346 | 10 സെന്റ് ഏകദേശം |
| 11 | ജുമാമസ്ജിദ്, ഇടപ്പാളയം | ആര്യങ്കാവ് | 350/12 | 15 സെന്റ് ഏകദേശം |
| 12 | ഗുരുമന്ദിരം, ഇടപ്പാളയം | ആര്യങ്കാവ് | 350/12 | 10 സെന്റ് ഏകദേശം |
| 13 | സെന്റ് ജോർജ്ജ് പള്ളിവക കുരിശടി ഇടപ്പാളയം | ആര്യങ്കാവ് | 350/12 | 01 സെന്റ് ഏകദേശം |
| 14 | എസക്കിയമ്മൻ കോവിൽ, ഇടപ്പാളയം | ആര്യങ്കാവ് | 350/12 | 1/2 സെന്റ് ഏകദേശം |
| 15 | ആൽത്തറ പ്രതിഷ്ഠ ആയൂർ | ഇടമുളയ്ക്കൽ | 132 | 01 സെന്റ് ഏകദേശം |

കരുനാഗപ്പള്ളി

| ക്രമ നം. | ആരാധനായലത്തിന്റെ പേര് | വില്ലേജ് | സർവ്വെ നം. | വിസ്തീർണ്ണം. |
|---|---|---|---|---|
| 1 | അഴകിയകാവ് ക്ഷേത്രം | പാവുമ്പ | 523/13 | 66 ആർ |
| 2 | പറമ്പത്ത് കുളങ്ങര കാളിയമ്പലം | പാവുമ്പ | 402/1 | 18.20 ആർ |
| 3 | പറമ്പത്ത് കുളങ്ങര കാളിയമ്പലം | പാവുമ്പ | 402/2 | 34 ആർ |
| 4 | പുതിയകാവ് ഭഗവതി ക്ഷേത്രം | ആദിനാട് | 555/2 | 58.50 ആർ |
| 5 | നടയ്ക്കാവ് ശ്രീനാരായണപുരം മഹാവിഷ്ണു ക്ഷേത്രം | തെക്കുംഭാഗം | 65/2 | 04.05 ആർ |
| 6 | ഓച്ചിറ പരബ്രഹ്മ ക്ഷേത്രം | ഓച്ചിറ | 60/11 | 07.1000 ഹെക്ടർ |
| 7 | കരുനാഗപ്പള്ളി വടക്കേ നിസ്ക്കാരപ്പള്ളി | കരുനാഗപ്പള്ളി | 531/2 | 10.10 ആർ |
| 8 | കരുനാഗപ്പള്ളി വടക്കേ നിസ്ക്കാരപ്പള്ളി | കരുനാഗപ്പള്ളി | 55/11 | 90 ച.മീ |
| 9 | കരുനാഗപ്പള്ളി വടക്കേ നിസ്ക്കാരപ്പള്ളി | കരുനാഗപ്പള്ളി | 55/14 | 60 ച.മീ |
| 10 | കരുനാഗപ്പള്ളി വടക്കേ നിസ്ക്കാരപ്പള്ളി | കരുനാഗപ്പള്ളി | 280/2 | 01.60 ആർ |

പത്തനാപുരം

| ക്രമ നം. | ആരാധനായലത്തിന്റെ പേര് | വില്ലേജ് | സർവ്വെ നം. | വിസ്തീർണ്ണം. |
|---|---|---|---|---|
| 1 | തൃക്കൊന്നമർകോട് ദേവിക്ഷേത്രം | തലവൂർ | 350/1എ/38/37 | 04.73 ഏക്കർ |
| 2 | മഹാവിഷ്ണു ക്ഷേത്രം കടശ്ശേരി | പുന്നല | 872/1 | 1.5 ഏക്കർ |
| 3 | വെറ്റിമുകത്ത് ശ്രീ വൈകുണ്ഠ നാഗരാജ ക്ഷേത്രം | പട്ടാഴി | 276/2 | 10.90 ആർ |
| 4 | ആറാട്ടുപുഴ ഇടമനക്കാവ് ശ്രീനാഗരാജ അർദ്ധനാരീശ്വര ക്ഷേത്രം | പട്ടാഴി | 216/6 | 52.94 ആർ |

| | | | | |
|---|---|---|---|---|
| 5 | പട്ടാഴി ഏറത്ത് വടക്ക് കേരള മംഗലം മഹാവിഷ്ണു ക്ഷേത്രം. | പട്ടാഴി | 326/12 | 4.95 ആർ |
| 6 | പള്ളിയുടെ ഖബർസ്ഥാൻ | പട്ടാഴി<br>വടക്കേക്കര | 74/7<br>74/11 | 20.75 ആർ<br>23.5 ആർ |
| 7 | മുസ്ലീംജമാ അത്ത് | പിറവന്തൂർ | 319/1 | 10.12 ആർ |

XIV

## ആരാധനാലയങ്ങൾ പൊതുഭൂമി കൈയ്യേറിയതിന്റെ പട്ടിക: കണ്ണൂർ ജില്ല

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് | റീ സ നം | ആരാധനാലയത്തിന്റെ വിവരങ്ങൾ | വിസ്തീർണം ഹെക്ടറിൽ | നടപടി വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | തളിപ്പറമ്പ | കുറ്റിയാട്ടൂർ | 169/- | കുറ്റിയാട്ടൂർ ശ്രീ മുത്തപ്പൻ ക്ഷേത്രം , കുറ്റിയാട്ടൂർ | 0.0067 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 2. | തളിപ്പറമ്പ | കൊളച്ചേരി | 2/- | കൊളച്ചേരി ശ്രീ മുത്തപ്പൻ ക്ഷേത്രം , കൊളച്ചേരി | 0.0045 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 3. | തളിപ്പറമ്പ | വെള്ളൂർ | 149/1B | വെള്ളൂർ പെരുമ്പ ശ്രീ മുത്തപ്പൻ ക്ഷേത്രം, വെള്ളൂർ | 0.0100 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 4. | തളിപ്പറമ്പ | നിടിയേങ്ങ | 37/10 | നിടിയേങ്ങ ചേപ്പറമ്പ സെന്റ് ജൂഡ് ചർച്ച് , നിടിയേങ്ങ | 0.0117 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 5. | തലശ്ശേരി | തലശ്ശേരി | 177/- | തലശ്ശേരി ഇംഗ്ളീഷ് ചർച്ച് , തലശ്ശേരി | 0.5506 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 6. | തലശ്ശേരി | തലശ്ശേരി | 176/- | തലശ്ശേരി ഹോളി റോസറി ചർച്ച്, തലശ്ശേരി | 0.4736 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 7. | തലശ്ശേരി | തലശ്ശേരി | 313/- | സി എസ് ഐ ചർച്ച് , തലശ്ശേരി | 0.0688 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | കണ്ണൂർ | മാട്ടൂൽ | 65/2 | വേദാമ്പ്രം ജുമാ മസ്ജിദ്, മാട്ടൂൽ | 0.0809 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 9. | കണ്ണൂർ | മാട്ടൂൽ | 23/1B | കാവിന്റവിട പൊട്ടൻതിറ ക്ഷേത്രം ,ഇരിണാവ് | 0.0506 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 10. | കണ്ണൂർ | അഞ്ചരക്കണ്ടി | 19/5 | പുറത്തേക്കാട് ആലിൻകീഴിൽ മുത്തപ്പൻ ക്ഷേത്രം , അഞ്ചരക്കണ്ടി | 0.0283 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 11. | കണ്ണൂർ | ചെറുതാഴം | 287/-, 501 | ചുമട് താങ്ങി ശ്രീ മുത്തപ്പൻ ക്ഷേത്രം ,ചെറുതാഴം | 0.0212 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 12. | കണ്ണൂർ | ചെറുതാഴം | 287 | മണ്ടൂർ ജുമാ മസ്ജിദ് & മദ്രസ്സ ഇലാഹുൽ ഇസ്ലാം കമ്മിറ്റി , മണ്ടൂർ | 0.0132 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 13. | കണ്ണൂർ | മുഴപ്പിലങ്ങാട് | 95/- | മുഴപ്പിലങ്ങാട് ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രം, മുഴപ്പിലങ്ങാട് | 1.24 Sq.M | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 14. | കണ്ണൂർ | കഞ്ഞിമംഗലം | 156/6C | ആണ്ടകൊവ്വൽ മടപ്പുര ശ്രീ മുത്തപ്പൻ ക്ഷേത്രം , കഞ്ഞിമംഗലം | 0.0202 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 15. | കണ്ണൂർ | ചിറക്കൽ | 157/1 | കല്ലടത്തോട് ശ്രീ മുത്തപ്പൻ ക്ഷേത്രം ,ചിറക്കൽ | 0.0485 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |
| 16. | കണ്ണൂർ | ചിറക്കൽ | 29/- | മന്ന ശ്രീ മുത്തപ്പൻ ക്ഷേത്രം ,ചിറക്കൽ | 0.0324 | ഒരു വർഷത്തെ താൽക്കാലിക പാട്ടം അനുവദിച്ചു | |

| | | | | | | | |
|---|---|---|---|---|---|---|---|
| 17. | തളിപ്പറമ്പ | പെരളം | 1/3 | ആലിൻകീഴിൽ ഗുളികരാജ ദേവസ്ഥാനം ,പെരളം | 0.0480 | കെ എൽ സി നിയമപ്രകാരം നടപടി സ്വീകരിച്ചതിനു എതിരായി പയ്യന്നൂർ മുൻസിഫ് കോടതിയിൽ കേസ് നിലവിലുണ്ട് | O S 190/11 പയ്യന്നൂർ മുൻസിഫ് കോടതി |
| 18. | കണ്ണൂർ | കണ്ണൂർ-2 | 659/1, 656/2 | കാഞ്ചി കാമാക്ഷി അമ്മൻ കോവിൽ ,കണ്ണൂർ | 0.1295 | കെ എൽ സി നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നു | |

സെക്ഷൻ ഓഫീസർ